നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിന്റെ വിതരണവും വിൽപ്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് 233 കേസ്സുകൾ എടുക്കുകയും 254 പേരെ അറസ്റ്റു ചെയ്യുകയും 29 പ്രതികൾ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മദ്യ വിൽപ്പനയുടെയും മദ്യ ഉപഭോഗത്തിന്റെയും കണക്കുകൾ

111 (3742) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയത്തിനു മുൻപ് സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) പുതിയ മദ്യനയത്തിനു ശേഷം സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) 2014-ൽ ബിവറേജസ് കോർപ്പറേഷൻവഴിയും ബാറുകൾവഴിയും വിറ്റഴിച്ച മദ്യത്തിന്റെ ഓരോ മാസത്തെയും കണക്ക് ലഭ്യമാക്കുമോ ; വിറ്റഴിച്ച മദ്യത്തിന്റെ അളവ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുതിയ മദ്യനയത്തിനു മുമ്പ് സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിലുള്ളത് അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പുതിയ മദ്യനയത്തിനു ശേഷം സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) 2014-ൽ ബിവറേജസ് കോർപ്പറേഷൻവഴിയും ബാറുകൾവഴിയും വിറ്റഴിച്ച മദ്യത്തിന്റെ ഓരോ മാസത്തെയും കണക്ക്, അളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-III-ഉം IV-ഉം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly